LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) നാളികേരത്തിനും നാളികേരോല്പന്നങ്ങൾക്കും ഇപ്പോൾ ന്യായമായ വിലയാണ് വിപണിയിലുള്ളത്. നാളികേരത്തിന്റെ വിലയിടിവ് പരിഹരിക്കുന്നതിനാണ് സംസ്ഥാന സർക്കാർ കൃഷിഭവനുകളിലൂടെ കേരഫെഡിന്റെ സഹകരണത്തോടെ പച്ചനാളികേര സംഭരണ പദ്ധതി നടപ്പിലാക്കിവരുന്നത്. 2013 ജനുവരി മാസം മുതൽ നടപ്പിലാക്കിത്തുടങ്ങിയ ടി പദ്ധതി 2015-16 വർഷത്തിലും തുടരുന്നു. 2015 സീസണിലെ കൊപ്രയുടെ താങ്ങുവില നിശ്ചയിക്കുന്നതിന് സംസ്ഥാന കാർഷിക വിലനിർണ്ണയ ബോർഡ്, കേന്ദ്ര കാർഷിക വിലനിർണ്ണയ ബോർഡിലേക്ക് വെളിച്ചെണ്ണ കയറ്റുമതിക്കുള്ള നിയന്ത്രണങ്ങൾ ഇല്ലാതാക്കുന്നതിനും ഭക്ഷ്യഎണ്ണകളുടെ ഇറക്കുമതി ചുങ്കം ഉയർത്തുന്നതിനും ആവശ്യപ്പെട്ടിട്ടുണ്ട്. പ്രധാനമന്ത്രി, കേന്ദ്ര കൃഷിമന്ത്രി, വാണിജ്യ വകുപ്പുമന്ത്രി തുടങ്ങിയവരുടെ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടു വന്നിട്ടുണ്ട്.

കേൾക്കുവാനുള്ള അവകാശം സംബന്ധിച്ച നിയമം

33 (4362) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേൾക്കുവാനുള്ള അവകാശം സംബന്ധിച്ച നിയമം (റൈറ്റ് ടു ഹിയർ ആക്ട്) നടപ്പാക്കാനുള്ള തീരുമാനം പിൻവലിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കേരള സംസ്ഥാന കേൾക്കപ്പെടുവാനുള്ള അവകാശ നിയമം നടപ്പാക്കാനുള്ള തീരുമാനം 4-3-2015-ലെ മന്ത്രിസഭായോഗ തീരുമാന പ്രകാരം പിൻവലിച്ചിട്ടുണ്ട്.

2006 മുതൽ 2014 വരെയുള്ള പി.എസ്.സി. നിയമനം

34 (4364) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006 മുതൽ 2014 വരെ ഓരോ വർഷവും എത്ര പേരെയാണ് പി.എസ്.സി. വിവിധ വകുപ്പുകളിൽ നിയമനങ്ങൾക്കായി ശിപാർശ ചെയ്തിട്ടുള്ളത് ;

(ബി) ഈ കാലയളവിൽ ഓരോ വർഷവും എൽ.ഡി. ക്ലാർക്ക്, ലാസ്റ്റ് ഗ്രേഡ്, സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികകളിൽ എത്ര പേരെ വീതം നിയമനത്തിനായി ശിപാർശ ചെയ്തിട്ടുണ്ട് ;